# കേരള സർവകലാശാല

നം.പി.ആർ.185/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.സി.എ (2015 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി) പ്രാക്ടിക്കൽ 2019 സെപ്റ്റംബർ 2, 3 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടം, ഏഴാം സെമസ്റ്റർ ബി.ടെക് ഡിഗ്രി, ഒക്ടോബർ 2019 (2013 സ്കീം – 2013 അഡ്മിഷൻ – സപ്ലിമെന്ററി) ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ സെപ്റ്റംബർ 2 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 4 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 6 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2019 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ (പൊളിറ്റിക്കൽ സയൻസ്, ഹിന്ദി), എം.എസ്.സി (മാത്തമാറ്റിക്സ്, സുവോളജി) പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്ക് സെപ്റ്റംബർ 7 വരെ അപേക്ഷിക്കാം. 2019 ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ. എൽ.ബി പരീക്ഷാഫലം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും സെപ്റ്റംബർ 7 വരെ അപേക്ഷിക്കാം.

### സ്പോട്ട് അഡ്മിഷൻ

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് (ഇ.സി, സി.എസ്, ഐ.ടി ബ്രാഞ്ചുകൾ) സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 30, 31 തീയതികളിൽ രാവിലെ 10 മണി മുതൽ കോളേജിൽ വെച്ച് നടത്തുന്നതാണ്.

### യു.ജി/പി.ജി പ്രവേശനം 2019
### ഒഴിവുള്ള എസ്.സി/എസ്.ടി സീറ്റുകളിലേക്ക് പ്രവേശനം

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ന്യൂനപക്ഷപദവിയുള്ള പിന്നോക്ക സമുദായ കോളേജുകളിലെ ഒഴിവുള്ള എസ്.സി/എസ്.ടി സീറ്റുകൾ (യു.ജി/പി.ജി) നിയമാനുസൃതം ബന്ധപ്പെട്ട സമുദായത്തിലെ വിദ്യാർത്ഥികൾക്ക് മാറ്റി നൽകി പ്രവേശനം നടത്തുന്നു. നിലവിൽ സർവകലാശാല തയ്യാറാക്കി കോളേജുകളിൽ നിലനിൽക്കുന്ന കമ്മ്യൂണിറ്റി റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലായിരിക്കും

പ്രവേശനം. റാങ്ക് പട്ടികയിൽ ഉൾപ്പെടാത്ത ആരേയും പ്രവേശനത്തിന് പരിഗണിക്കുന്നതല്ല. ആഗസ്റ്റ് 30 ാം തീയതി രാവിലെ 11 മണിക്കു മുൻപ് ബന്ധപ്പെട്ട കോളേജിൽ ഹാജരാകണം. നിശ്ചിത സമയത്തിനകം ഹാജരാകുന്ന കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളിൽ നിന്നും റാങ്ക് അടിസ്ഥാനമാക്കി പ്രവേശനം നടത്തുന്നതാണ്. ആൾ സെയിന്റ്സ് കോളേജ് തിരുവനന്തപുരം, സെന്റ് സേവിയേഴ്സ് കോളേജ്, തുമ്പ, തിരുവനന്തപുരം, ക്രിസ്റ്റ്യൻ കോളേജ്, കാട്ടാക്കട, ഇക്ബാൽ കോളേജ്, പെരിങ്ങമല, മന്നാനിയ കോളേജ്, പാങ്ങോട്, എം.എസ്.എം കോളേജ് കായംകുളം, ടി.കെ.എം ആർട്സ് ആന്റ് സയൻസ് കോളേജ്, കൊല്ലം, സെന്റ് ജോസഫ്സ് കോളേജ് ഫോർ വിമൻ, ആലപ്പുഴ എന്നീ കോളേജുകളിലെ ഒഴിവു വന്ന സീറ്റുകളാണ് ബന്ധപ്പെട്ട റാങ്ക് പട്ടികയിൽ നിന്നും നികത്തുന്നത്. നിശ്ചിത തീയതിയിലും, സമയത്തും ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാകാൻ ശ്രദ്ധിക്കേണ്ടതാണ്. ഒഴിവുകളുടെ വിവരം ബന്ധപ്പെട്ട കോളേജിൽ പ്രസിദ്ധപ്പെടുത്തും. സർവകലാശാലയിലേക്ക് അപേക്ഷകൾ ഒന്നും തന്നെ അയക്കേണ്ടതില്ല.

## സീറ്റ് ഒഴിവ്

സർവകലാശാലയുടെ മനഃശാസ്ത്രവിഭാഗത്തോടനുബന്ധിച്ചു പ്രവർത്തിക്കുന്ന സെന്റർ ഫോർ ജെറിയാട്രിക് സ്റ്റഡീസിൽ നടത്തിവരുന്ന ഒരു വർഷ ദൈർഘ്യമുള്ള പി.ജി ഡിപ്ലോമ കോഴ്സിൽ (P.G.D.C.(G)) 15 സീറ്റുകൾ ഒഴിവുണ്ട്. കോഴ്സ് ഫീസ്: 15,000 രൂപ. ക്ലാസുകൾ: ശനി, ഞായർ ദിവസങ്ങളിൽ. താൽപര്യമുള്ളവർ ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി നേരിട്ട് ഹാജരാകുക. വിശദവിവരങ്ങൾക്ക്: 9447221421.

തിരുവനന്തപുരം.
27.08.2019

പബ്ലിക് റിലേഷൻസ് ഓഫീസർ